ഭവനം പദ്ധതി

199 (3635) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവനം ഫൗണ്ടേഷൻ കേരള തോട്ടം തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കുവാൻ തീരുമാനിച്ച 'ഭവനം പദ്ധതി' എത്ര തോട്ടങ്ങളിൽ നടപ്പിലാക്കി എന്നു വ്യക്തമാക്കാമോ ;

(ബി) സ്വകാര്യതോട്ടം മേഖലയിൽ നിന്ന് എത്ര തോട്ടം ഉടമകൾ പ്രസ്തുത പദ്ധതിയുമായി സഹകരിക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) 'ഭവനം പദ്ധതി'യുമായി സ്വകാര്യ തോട്ടം ഉടമകൾ സഹകരിക്കാത്ത പക്ഷം സർക്കാർ കൈക്കൊള്ളുവാൻ പോകുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) തോട്ടം ഉടമകൾ സ്ഥലം വിട്ടുനൽകുന്നതിന് തയ്യാറാകാത്തതിനാൽ നടപ്പിലാക്കിയിട്ടില്ല.

(ബി) സ്വകാര്യ മേഖലയിൽനിന്നും തോട്ടം ഉടമകൾ ഈ പദ്ധതിയുമായി സഹകരിക്കാൻ സ്ഥലം വിട്ടുനൽകിയിട്ടില്ലാത്തതാണ്.

(സി) പരിശോധിച്ചുവരുന്നു.

അന്യ സംസ്ഥാന തൊഴിലാളി ക്ഷേമത്തിനായി നിയമനിർമ്മാണം

200 (3636) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യ സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി നിയമ നിർമ്മാണം നടത്തുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) അന്യ സംസ്ഥാന തൊഴിലാളികളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി എന്തെല്ലാം വ്യവസ്ഥകളാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്തുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരിഗണനയിലുണ്ട്. ദി കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബിൽ പരിഗണനയിലാണ്.

(ബി&സി) സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു.

അന്യസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം

201 (T 3637) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ അന്യ സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം ആധികാരികമായി ലഭ്യമാക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നത് എന്നറിയിക്കുമോ ;

(ബി) നിലവിൽ കൃത്യമായ ഒരു വിവരശേഖരണം സാദ്ധ്യമല്ലാത്തതാകുന്നു എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ അന്യ സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും ക്ഷേമപ്രവർത്തനവും നടപ്പിലാക്കുന്നതിനുവേണ്ടി കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിന്റെ കീഴിൽ 2010 മാർച്ച് മുതൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതി പ്രകാരം നാളിതുവരെ (2015 മേയ് 31) 49,674 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. ടി പദ്ധതി സ്വയമേവ പദ്ധതിയാണ്. അതിനാൽ അംഗത്വം നിർബന്ധമാക്കിയിട്ടില്ല. ടി. തൊഴിലാളികൾ ഒരു സ്ഥലത്ത് നിന്ന് അടിക്കടി തൊഴിലിടം മാറുന്നതും തൊഴിലുടമ/കോൺട്രാക്ടർ പദ്ധതിയിൽ അംഗങ്ങളെ ചേർക്കാനുള്ള നിസ്സഹകരണം കാണിക്കുന്നതും തൊഴിലാളികളുടെ താല്പര്യക്കുറവും ഇതിന് കാരണമായി കണക്കാക്കാവുന്നതാണ്.

(സി) കേരളത്തിലെ എല്ലാ കുടിയേറ്റ തൊഴിലാളികളെയും പദ്ധതിയിലേയ്ക്ക് അംഗങ്ങളാക്കുക എന്ന ലക്ഷ്യത്തോടുകൂടിയും വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള കുടിയേറ്റ തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങളെക്കുറിച്ചും

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly